# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5121 — 24/10/2011-ൽ മറുപടിയ്ക്ക്

## ഹോമിയോ ഡിസ്പെൻസറികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. റ്റി. ബൽറാം:<br>ശ്രീ. പി. സി. വിഷ്ണുനാഥ്:<br>ശ്രീ. അൻവർ സാദത്ത്:<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഹോമിയോ ഡിസ്പെൻസറികൾ ശക്തിപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് കൈകൊണ്ടിട്ടുള്ളത്; | (എ) | ഹോമിയോ ഡിസ്പെൻസറികൾ ശക്തിപ്പെടുത്തുന്നതിനായി ഡിസ്പെൻസറികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, ക്ലിനിക്കൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, ആവശ്യത്തിന് മരുന്നിന്റെ ലഭ്യത ഉറപ്പ് വരുത്തുക. നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഡിസ്പെൻസറികൾക്ക് കൂടുതൽ ധന സഹായം നൽകി മോഡൽ ഡിസ്പെൻസറി ആയി അപ്ഗ്രേഡ് ചെയ്യുക, എല്ലാ ഡിസ്പെൻസറികളിലും ക്ലിനിക്കൽ ഉപകരണങ്ങൾക്ക് പുറമേ കമ്പ്യൂട്ടറുകൾ നൽകുക എന്നീ പരിപാടികൾ നടത്തി വരുന്നുണ്ട്. ജില്ലയിലെ മികച്ച ഓരോ ഡിസ്പെൻസറികളിലും മോഡൽ ഡിസ്പെൻസറികളായി അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | നിലവിലുള്ള ഡിസ്പെൻസറികളിൽ ക്ലിനിക്കൽ സൗകര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തുമോ; | (ബി) | നിലവിലുള്ള ഡിസ്പെൻസറികളിൽ ക്ലിനിക്കൽ സൗകര്യങ്ങളും സേവനങ്ങളും കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഉത്സവകാലത്ത് തീർത്ഥാടന കേന്ദ്രത്തിൽ താൽക്കാലിക ഡിസ്പെൻസറികൾ ആരംഭിക്കാൻ നടപടി എടുക്കുമോ? | (സി) | സംസ്ഥാനത്തെ പതിനാലോളം തീർത്ഥാടന കേന്ദ്രങ്ങളിൽ ഉത്സവ കാലത്ത് താൽക്കാലിക ഹോമിയോ ഡിസ്പെൻസറികൾ പ്രവർത്തിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ